ആ നാടു മുഴുവൻ ആഗ്രഹിക്കുന്ന, അവരുടെ വലിയൊരു സ്വപ്നസാഫല്യമായിരിക്കും അവിടെ സ്മാരകം സ്ഥാപിക്കുക എന്നുള്ളതാണ്. അതിലേക്കാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കണം, ആ പുരയിടം 86 സെന്റ് സർക്കാർ ഏറ്റെടുത്ത് അവിടെ ചരിത്ര സ്മാരകം നിർമ്മിക്കണമെന്നതാണ് എന്റെ സബ്മിഷൻ.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ബഹുമാനപ്പെട്ട പി. തിലോത്തമൻ തന്നെ ഈ സഭയിൽ ആവശ്യപ്പെട്ട പ്രകാരമാണ് ഈ സർക്കാരിന്റെ കാലത്ത് 28-07-2014 -ലെ സർക്കാർ ഉത്തരവുപ്രകാരം ആലപ്പുഴ ജില്ലയിലെ ചേർത്തല താലൂക്കിൽ ഇട്ടി അച്ചുതൻ വൈദ്യർ കര്യാലയും ഔഷധസസ്യക്കാവും പുരാവസ്തു വകുപ്പിന്റെ സ്മാരകമായി പ്രഖ്യാപിച്ചത്. ഇപ്പോൾ ഒരു വർഷം കഴിഞ്ഞു, പുരാവസ്തുവകുപ്പിന്റെ കീഴിൽ സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലായി 150 ഓളം സംരക്ഷിത സ്മാരകങ്ങൾ ഉണ്ട്. ഇവയിൽ ഭൂരിഭാഗവും സർക്കാർ ഉടമസ്ഥതയിൽ ഉള്ളതല്ല. ഇട്ടി അച്ചുതൻ വൈദ്യൻ കര്യാലയവും ഔഷധസസ്യക്കാവും ഇതിൽപ്പെടുന്നു. ഇവ ശാസ്ത്രീയമായി സംരക്ഷിക്കുന്നതിന് ബന്ധപ്പെട്ടവരും ജനപ്രതിനിധികളുമായി ആലോചിച്ച് പുരാവസ്തുവകുപ്പ് നടപടി സ്വീകരിക്കുന്നുണ്ട്. വലിയ സാമ്പത്തിക ബുദ്ധിമുട്ട് കാരണം അനന്തരാവകാശിയായ ശ്രീമതി ഉമയമ്മ ബാങ്ക് ജപ്തി ഭീഷണി നേരിടുകയാണ്. ജപ്തി ചെയ്യരുതെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അദ്ദേഹം ആവശ്യപ്പെട്ടതുപോലെ പ്രസ്തുത സ്ഥലം ഗവൺമെന്റ് ഏറ്റെടുത്ത് സ്മാരകമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## (35) ക്ഷീര സഹകരണസംഘം ജീവനക്കാരുടെ ശമ്പള പരിഷ്കരണം

ശ്രീ. കെ. വി. വിജയദാസ്: സർ, ക്ഷീര സഹകരണ സംഘം ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നപേക്ഷിച്ചുകൊണ്ട് ഞാൻ ഇന്നലെ ഈ സബ്മിഷൻ സഭയിൽ അവതരിപ്പിച്ചതാണ്. അതിന്റെ മറുപടി ആണ് അറിയേണ്ടത്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, പ്രാഥമിക ക്ഷീര സഹകരണസംഘം ജീവനക്കാരുടെ ശമ്പള പരിഷ്കരണ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 20-8-2014-ലെ സർക്കാർ ഉത്തരവുപ്രകാരം ക്ഷീരവികസന വകുപ്പ് ഡയറക്ടർ അദ്ധ്യക്ഷനായി ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ക്ഷീര സംഘം ജീവനക്കാരുടെ സംഘടനകൾ സമർപ്പിച്ച നിർദ്ദേശങ്ങളും ജില്ലകളിൽ നിന്നുള്ള അഭിപ്രായങ്ങളും കണക്കിലെടുത്തുകൊണ്ട് കമ്മിറ്റി റിപ്പോർട്ട് തയ്യാറാക്കുകയുണ്ടായി. 3-10-2015 -ന് ക്ഷീരവികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ കമ്മിറ്റി അംഗങ്ങൾ മിൽമാ പ്രതിനിധിക്കളുമായും ജീവനക്കാരുമായും ചർച്ചകൾ നടത്തി. ശമ്പള പരിഷ്കരണം

LIBRARY ARCHIVES Kerala Legislative Assembly

നടപ്പിലാക്കുന്നതുമൂലം ഉണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത പെൻഷൻ ബോർഡിലേക്ക് അടയ്ക്കേണ്ടതാണ്. കുടിശ്ശിക കണക്കാക്കി ക്ഷീരസംഘം പ്രതിനിധികൾ ഗവൺമെന്റിന് റിപ്പോർട്ട് നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ റിപ്പോർട്ട് ലഭിച്ചാൽ ഉടൻതന്നെ ടി ചർച്ചയിലെ തീരുമാനപ്രകാരം ഈ കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

## (36) മുൻ പഞ്ചായത്ത് പ്രതിനിധികൾക്ക് പെൻഷൻ ആനുകൂല്യങ്ങൾ

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: സർ, ഈ സെഷൻ തുടങ്ങി രണ്ടാമത്തെ ദിവസം ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നതിനായി കൊടുത്തതായിരുന്നു. എന്നാൽ ബഹുമാനപ്പെട്ട മന്ത്രിയുമായി സംസാരിച്ചപ്പോൾ ഇത് ഗവൺമെന്റിന്റെ പരിഗണനയിലുള്ള വിഷയമാണെന്ന് പറഞ്ഞപ്പോൾ ഞാൻ കൂടുതൽ താൽപര്യം എടുത്തില്ല. ഇന്നെടുത്ത മൊത്തം 45 സബ്മിഷനുകളുടെ കൂട്ടത്തിൽ ഇതും ഉൾപ്പെട്ടുവെന്നേയുള്ളൂ. കേരളത്തിലെ പ്രാദേശിക ഭരണ രംഗത്ത് വിലപ്പെട്ട സംഭാവനകൾ നൽകിയ മുൻ പഞ്ചായത്ത് അംഗങ്ങൾക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകണമെന്നാണ് ഞാനീ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നത്. ഈ ഗവൺമെന്റ് അവർക്കുവേണ്ടി ചില നല്ല കാര്യങ്ങൾ ചെയ്തിട്ടുണ്ടെങ്കിലും പെൻഷനും ഇൻഷുറൻസ് പദ്ധതിയും ഇതുവരെയും നടപ്പാക്കിയിട്ടില്ല. അതിനാൽ അത് നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) : സർ, സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം ക്ലേശകരമായ ജീവിതം നയിക്കുകയും ചികിത്സയ്ക്ക് പോലും ഗതിയില്ലാതെ കഷ്ടപ്പെടുന്ന മുൻ പഞ്ചായത്ത് അംഗങ്ങളെ ചിയാക്ക്-ന്റെ സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ ചേർക്കുന്നതിന് സർക്കാർ തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കേരള സാമൂഹ്യസുരക്ഷാ മിഷന് പ്രവർത്തന ഫണ്ട് സ്വരൂപിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും എല്ലാവർഷവും തുക സംഭാവന ചെയ്യുന്ന അവിടുത്തെ മുൻ അംഗങ്ങളെ സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി പരിരക്ഷ നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകളിലെ ജനപ്രതിനിധികൾക്ക് സെക്രട്ടേറിയറ്റിലും മറ്റ് ഓഫീസുകളിലും സുഗമമായി പ്രവേശിക്കുന്നതിനായി അതത് പഞ്ചായത്തുകൾ മുഖേന ചില മാനദണ്ഡങ്ങൾക്ക് വിധേയമായി തിരിച്ചറിയൽ കാർഡുകൾ അനുവദിക്കുവാൻ അനുമതി നൽകിക്കൊണ്ടും ഉത്തരവായിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ അംഗങ്ങൾക്ക് പെൻഷൻപദ്ധതി നടപ്പിലാക്കണമെന്നുള്ളത് വളരെ നാളായി ഉയർന്നുവന്നിട്ടുള്ള ആവശ്യമാണ്. ഈ

LIBRARY ARCHIVES Kerala Legislative Assembly